കേരള സ്റ്റേറ്റ് ഗവ: ആയുർവ്വേദ
മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ

ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ച് പത്തു വർഷം കഴിഞ്ഞിട്ടും ഭാരതത്തിന്റെ ദേശീയ വൈദ്യശാസ്ത്രമായ ആയുർവ്വേദത്തിന്റെ ഈറ്റില്ലമായ കേരളത്തിൽ സർക്കാർതലത്തിൽ ആയുർവ്വേദത്തിനോ, സർക്കാർ സർവ്വീസിലുള്ള ആയുർവ്വേദ ഡോക്ടർമാർക്കോ അർഹമായ അംഗീകാരമോ, പരിഗണനയോ, പദവിയോ, വേതനമോ ലഭിച്ചിരുന്നില്ല. അന്ന് സർക്കാർ സർവ്വീസിലുള്ള ഒരു ഡോക്ടർക്ക് അന്നത്തെ ലോവർ ഡിവിഷൻ ക്ലാർക്കിന്റെ ശമ്പളം (40-120) പദവിയുമാണ് നൽകിയിരുന്നത്. ആ ദു:സ്ഥിതി പരിഹരിക്കുന്നതിനെക്കുറിച്ച് 4-1-1956-ൽ കൊല്ലം ആയുർവ്വേദാശുപത്രിയിൽവെച്ച് ഡോ. പി. മഹാദേവയ്യരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ചർച്ച ചെയ്യുകയും ഡോ. എസ്സ്. സുബ്രഹ്മണ്യൻ ഉണ്ണി കൺവീനറായി പതിനൊന്നംഗങ്ങളുള്ള ഒരു കാല്ക്കാലിക കമ്മറ്റി രൂപീകരിക്കുകയും ചെയ്തു. ആ കമ്മറ്റി ഒരു മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേരളം ഭരിച്ചിരുന്ന ഗവർണ്ണർ ഡോ. സി. രാമകൃഷ്ണറാവുവിന്റെ അഡ്വൈസർ ശ്രീ. പി.എസ്സ്. റാവുവിനെ സന്ദർശിച്ച് നിവേദനം നടത്തുന്നതിന് അനുവാദം നേടുകയും ചെയ്തു. ഡോ. ബി.കെ. ദാമോദരൻ, ഡോ. പി. മഹാദേവയ്യർ, ഡോ. ശ്രായിക്കാട് നീലാംബരൻ, ഡോ. പി. ശാർങ്ധരൻ, ഡോ. എസ്സ്. സുബ്രഹ്മണ്യൻ ഉണ്ണി എന്നിവർ അഡ്വൈസർ ശ്രീ. പി.എസ്. റാവുവിനെ കാണാനെത്തി. മെമ്മോറാണ്ടത്തിലൂടെ കണ്ണോടിച്ച അഡ്വൈസർ മുഖം ഉയർത്തി "നിങ്ങൾ ഏത് സംഘടനയെ പ്രതിനിധീകരിച്ചാണ് വന്നിരിക്കുന്നത്" - എന്ന് നിവേദകസംഘത്തോട് ആരാഞ്ഞു. സംഘടനയുടെ പ്രതിനിധികളുമായിട്ടല്ലാതെ വ്യക്തികളായ സർക്കാർ ഉദ്യോഗസ്ഥന്മാരുമായി പൊതുപ്രശ്നങ്ങൾ ചർച്ചചെയ്യാൻ സർക്കാർ ഒരുക്കമല്ലെന്നും വ്യക്തിപരമായ പ്രശ്നങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ അത് ഡിപ്പാർട്ടുമെന്റുവഴി "ത്രൂ പ്രോപ്പർ ചാനലായി" അപേക്ഷിക്കാനും പറഞ്ഞ് അഡ്വൈസർ ശ്രീ. പി.എസ്സ്.എസ്സ്. മെമ്മോറാണ്ടം കൊടുത്ത് അവരെ ഇറക്കിവിടുകയും ചെയ്തു. ഒരു സംഘടനയുടെ വിലയും ആവശ്യവും എന്താണെന്ന് അനുഭവിച്ചറിഞ്ഞ ആ നിവേദകസംഘം ആയുർവ്വേദഡോക്ടർമാർക്ക് ഒരു സംഘടനയുടെ രൂപീകരിക്കുന്നതിനെക്കുറിച്ച് 24/2/57ൽ ആലപ്പുഴയിൽ യോഗംകൂടി തീരമാനിക്കുകയും ചെയ്തു. അതനുസരിച്ച് 20/4/57ൽ എറണാകുളം സീവ്യൂ ഹോട്ടലിൽ കൂടിയ 92 അംഗങ്ങൾ പങ്കെടുത്ത വിപുലമായ യോഗത്തിൽവച്ച് ഡോ.സി.കെ.ദാമോദരൻ പ്രസിഡന്റായും ഡോ.ശ്രായിക്കാട് നീലാംബരനെ ജനറൽ സെക്രട്ടറിയായും ഡോ.എസ്.സുബ്രമണ്യൻ ഉണ്ണിയെ ട്രഷററായും 11 അംഗങ്ങളുള്ള സംസ്ഥാന കമ്മറ്റിയെ തിരഞ്ഞെടുക്കുകയും അസ്സോസിയേഷന്റെ ഭരണഘടന ചർച്ചചെയ്ത് അംഗീകരിക്കുകയും അസ്സോസിയേഷന്റെ സർക്കാർ അംഗീകാരത്തിനും രജിസ്ട്രേഷനും വേണ്ടി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു. 28-10-1957-ൽ സംഘടനയ്ക്ക് അംഗീകാരം നൽകികൊണ്ടുള്ള R.Dis.33005/57(1157) നമ്പർ ഗവ. ഉത്തരവ് ലഭിക്കുകയും ചെയ്തു. അങ്ങിനെ കേരളത്തിലെ 11ാം നമ്പർ സർവ്വീസ് സംഘടനയായി രജിസ്റ്റർ ചെയ്ത് അംഗീകാരം നേടുകയും ചെയ്തു.(അന്ന് ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാരുടെ ഔദ്യോഗിക നാമം ഫിസിഷ്യൻ എന്നായിരുന്നു.അതിനാൽ അന്ന് കേരള സ്റ്റേറ്റ് ആയുർവ്വേദ ഫിസിഷ്യൻസ് അസ്സോസിയേഷൻ എന്ന് പേരിലാണ് സംഘടന രജിസ്റ്റർ ചെയ്യപ്പെട്ടത്. പിൽക്കാലത്ത് ഫിസിഷ്യൻ എന്ന ഔദ്യോഗിക നാമം മെഡിക്കൽ ഓഫീസർ എന്നാക്കിമാറ്റിയതിനെ തുടർന്ന് അസ്സോസിയേഷന്റെ പേര് കേരള സ്റ്റേറ്റ് ഗവ.ആയുർവ്വേദ മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

ഒരു പ്രസിഡന്റും രണ്ടു വൈസ്.പ്രസിഡന്റ് മാരും ഒരു ജനറൽ സെക്രട്ടറിയും മൂന്ന് ജോയിന്റ്

സെക്രട്ടറിമാരും ഒരു ട്രഷററും ഒരു എഡിറ്ററും 15 കമ്മറ്റി അംഗങ്ങളും ഉൾക്കൊള്ളുന്ന സംസസ്ഥാന കമ്മറ്റിയും ജില്ലാതലങ്ങളിൽ ഒരു പ്രസിഡന്റും രണ്ടു വൈസ്.പ്രസിഡന്റ് മാരും ഒരു സെക്രട്ടറിയും രണ്ടു ജോയിന്റ് സെക്രട്ടറിമാരും ഒരു ട്രഷററും ഏഴിൽ കുറയാത്ത കമ്മറ്റി അംഗങ്ങളും ഉൾക്കൊള്ളുന്ന ജില്ലാ കമ്മറ്റികളുമാണ് അസ്സോസിയേഷന്റെ ഭരണം നിർവ്വഹിക്കുന്നത്.

ആകെ അംഗസംഘ്യയുടെ അഞ്ചിനൊന്ന് എന്ന അനുപാതത്തിൽ അതാത് ജില്ലാക്കമ്മറ്റികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാനകൗൺസിലാണ് സംസ്ഥാന കമ്മറ്റിയെ തിരഞ്ഞെടുക്കുന്നത്. അസ്സോസിയേഷന്റെ പരമാധികാരം സംസ്ഥാനകൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നു.

**ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും**

അസ്സോസിയേഷൻ അംഗങ്ങളുടെ സേവനവേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സർവ്വതോന്മുഖമായ പുരോഗതിക്കുംവേണ്ടി പ്രവർത്തുക്കുക.

ആയുർവ്വേദ ശാസ്ത്രത്തിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും പുരോഗതിക്കാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

ക്ലിനിക്കൽ റിസേർച്ചിന് പ്രാധാന്യം നൽകുന്ന കേസ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുക. ലുപ്ത പ്രചാരത്തിലുള്ള അമൂല്യ ഗ്രന്ഥങ്ങളും താളിയോല ഗ്രന്ഥങ്ങളും പുനഃപ്രസിദ്ധീകരിക്കുക.

ആയുർവ്വേദത്തെ ഭാരതത്തിന്റെ ദേശീയവൈദ്യശാസ്ത്രമായി ഔദ്യോഗികമായി അംഗീകരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

**അംഗത്വം**

ഭാരതീയ ചികിത്സാ വകുപ്പിലെ- കേരളത്തിലെ -ആയൂർവ്വേദ മെഡിക്കൽ ഓഫീസർ മുതൽ ജില്ലാ മെഡിക്കൽ ഓഫീസർവരെയുള്ള എല്ലാ മെഡിക്കൽ ഓഫീസർമാർക്കും അംഗമായി ചേരാൻ അവകാശമുണ്ടായിരിക്കും.

അസ്സോസിയേഷന്റെ ഔപചാരികമായ ഉൽഘാടനം കോട്ടയത്തുവച്ച് കേരളത്തിലെ ആദ്യത്തെ ആരോഗ്യവകുപ്പു മന്ത്രി. ഡോ.എ.ആർ. മേനോൻ നിർവ്വഹിച്ചു.

അസ്സോസിയേഷന്റെ ഒന്നാം സംസ്ഥാന സംമ്മേളനം തിരുവനന്തപുരം ആയൂർവ്വേദ കോളേജ് ആഡിറ്റോറിയത്തിൽ വച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ.ഇ.എം.എസ്. നമ്പൂതിരിപ്പാട് ഉൽഘാടനം ചെയ്തു. ആസംമ്മേളനത്തിൽ വച്ച് ഡോ.സി.കെ.ദാമോദരനെ പ്രസിഡന്റായും ഡോ. ശ്രായിക്കാട് നീലാമ്പരനെ ജനറൽ സെക്രട്ടറിയായും വീണ്ടും തിരഞ്ഞെടുത്തു.

## അസ്സോസിയേഷനെ നയിച്ച സാരഥികൾ

| PERIOD | PRESIDENT | GENERAL SECRATARY |
|---|---|---|
| **20/4/57 to 3/12/61** | **DR.C.K.DAMODARAN** | **DR. SRAYIKKAD NEELAMBARAN** |
| **4/12/61 TO 24/1/65** | **DR.P.G.NARAYANAN NAIR** | **DR. K.M.AHAMMAD** |
| **25/1/65 TO 16/6/68** | **DR. SRAYIKKAD NEELAMBARAN** | **DR.N.VASUDEVA PANIKAR** |
| **17/6/68 TO 21/2/71** | **DR.A.D.ANTHAPPAN** | **DR. S.NANAPPAN** |
| **22/2/71 TO 24/5/72** | **DR.P.SARNGADHARAN** | **DR.K.SURENDRAN NAIR** |
| **25/5/72 TO 9/6/73** | **DR.P.A.GEORGE** | **DR.P.A.RAMACHANDRAN NAIR** |
| **10/6/73 TO 19/2/77** | **DR.P.ACHUTHAN NAIR** | **DR.P.A.RAMACHANDRAN NAIR** |

**20/2/77 TO 11/6/78 DR.K.M.AHAMMAD DR.G. SARNGADHARAN**

**12/6/78 TO 18/8/79 DR.P.K. JAYAPRAKASAN DR.G SASIKUMARAN NAIR**

**19/8/79 TO 30/9/85 DR.G. SARNGADHARAN DR.K. SURENDRAN NAIR**

**1/10/85 TO 15/9/93 DR.P.K. JAYAPRAKASAN DR.K. SURENDRAN NAIR**

**16/5/93 TO 13/5/94 DR.MUHMMADBINAHMMAD DR.K. SURENDRAN NAIR**

**14/5/94 TO 19/6/98 DR.MUHMMADBINAHMMAD DR. M.P. MITHRA**

**20/6/98 TO 29/12/2006 DR. M.P. MITHRA DR. THODIYOOR SASIKUMAR**

**30/12/20006 ONWARDS DR. K.M. MADHAVAN DR. THODIYOOR SASIKUMAR**

**..........STILL CONTINUING**

## സുവർണ്ണ ജൂബിലി സമ്മേളനങ്ങൾ

സുവർണ്ണ ജൂബിലി ആഘോഷിക്കുവാൻ ഭാഗ്യം സിദ്ധിച്ച അപൂർവ്വം സർവ്വീസ് സംഘടനകളിൽ ഒന്നാണ് കേരള സ്റ്റേറ്റ് ഗവ.ആയൂർവ്വേദ മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉൽഘാടനം കൊല്ലത്തു വച്ച് ശ്രീ.പി.കെ.ഗുരുദാസൻ നിർവഹിച്ചു. ഒരു വർഷം നീണ്ടുനിന്ന വിവധ പരിപാടികളുടെ സമാപന സമ്മേളനം കോഴിക്കോട് വച്ച് വനം വകുപ്പു മന്ത്രി ശ്രീ.ബിനോയ് വിശ്വം ഉൽഘാടനം ചെയ്തു.

**അസ്സോസിയേഷന്റെ പ്രവർത്തനഫലമായി ലഭിച്ച നേട്ടങ്ങൾ**

1. 1957ൽ സംഘടന രൂപീകരിക്കുമ്പോൾ കേരളത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസറുടെ ശംബളനിരക്ക് ലോവർഡിവിഷൻ ക്ലാർക്കിന്റെ ശംബള നിരക്കിന് തുല്യമായ 420 ആയിരുന്നു. അലോഷതി ഡോക്ടർമാർക്ക് തുല്യമായ ശംബളവും പദവിയുമാണ് അസ്സോസിയേഷന്റെ പ്രഖ്യാപിത ലക്ഷ്യം അതിനു വേണ്ടി അർപ്പണ ബോധത്തോടെ നിരന്തരവും നിസ്തന്ദ്രവുമായി മാറിമാറി വന്ന സർക്കാരുകളിലും സർക്കാരിന്റെ നയരൂപീകരണം നടത്തുന്ന നേതാക്കളിലും നിയമസഭകളിലെ എല്ലാ ജനപ്രതിനിധികളിലും സമ്മർദ്ദം ചെലുത്തുകയും ബഹുജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇനിയും ലക്ഷ്യത്തിൽ എത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഗസറ്റഡ് റാങ്കിൽ (രണ്ടാമത്തെ ഹയർ ഗ്രേഡ് ) ശംബള നിരക്കും പദവിയും നേടാൻ കഴിഞ്ഞു. (25/2/1997ൽ ഗസറ്റഡ് റാങ്കായി സർക്കാർ ഡിക്ലയർ ചെയ്തു.)

2.യാതൊരു പ്രമോഷൻ സാദ്ധ്യതയുമില്ലാത്ത,മെഡിക്കൽ ഓഫീസറായി സർവ്വീസിൽ പ്രവേശിച്ച് നിരവധി വർഷത്തെ സേവനത്തിനു ശേഷം മെഡിക്കൽ ഓഫീസറായി തന്നെ സർവ്വീസിൽ നിന്ന് വിരമിക്കുന്ന ദു:സ്ഥിതിക്ക് വലിയ അളവിൽ പരിഹാരമുണ്ടാക്കുവാൻ കഴിഞ്ഞു. സീനിയർമെഡിക്കൽ ഓഫീസറുടേയും ചീഫ് മെഡിക്കൽ ഓഫീസറുടേയും തസ്തികകളിലേക്ക് റേഷ്യോ പ്രമോഷൻ അനുവദിപ്പിക്കുവാൻ കഴിഞ്ഞത് ഡിപ്പാർട്ടുമെന്റിന്റെ മുഖഛായ തന്നെ മാറ്റുകയുണ്ടായി. സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുകയും ഗ്രേഡ് പ്രമോഷനും നടപ്പിലായി.

3. 1964ലെ കുപ്രസിദ്ധമായ അനോമിലി സ്പെഷ്യൽ റൂൾ റദ്ദാക്കി ഡയറക്ടർ വരെയുള്ള തസ്തികകളിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ ലഭിക്കുന്ന സംവിധാനം ഉറപ്പാക്കി.ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമായി നിരവധിവർഷം നീണ്ടുനിന്ന നിയമയദ്ധം നടത്തി വിജയിച്ചാണ് ഇതു നേടിയത്.

4. സീനിയോറിറ്റിയെ അതിലംഘിച്ച് അനർഹമായി ട്രിബിൾ പ്രമോഷൻ നൽകി നിയമിച്ച അഞ്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നിയമനത്തിനെതിരെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുകൾ നടത്തി വിജയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരെ മെഡിക്കൽ ഓഫീസർ തസ്തികയിതേക്ക റിവർട്ട് ചെയ്യിക്കുവാൻ കഴിഞ്ഞു.

5. ESI വിഭാഗത്തിൽ ആയുർവ്വേദത്തെ ഉൾപ്പെടുത്തുവാൻ കഴിഞ്ഞു.

6. പ്രമോഷൻ ശിക്ഷയാകുന്ന രീതി അവസാനിപ്പിച്ച് സീനിയർമെഡിക്കൽ ഓഫീസറായി പ്രമോഷൻ ലഭിക്കുമ്പോൾ സ്ഥാപനത്തിലെ പോസ്റ്റ് അപ്ഗ്രേഡ് ചെയ്ത് അവിടെതന്നെ പോസ്റ്റ് ചെയ്യുന്ന സംവിധാനം നിരന്തര ശ്രമത്തിലൂടെ നടപ്പാക്കി.

7. മെഡിക്കൽ ഓഫീസർമാരെ ആതറൈസ്ഡ് മെഡിക്കൽ അറ്റന്റഡന്റ് ആയി അംഗീകരിപ്പിച്ചു.

8.”ആയുർവ്വേദ ഐക്യവേദി രൂപീകരിക്കാൻ നേതൃത്വം വഹിച്ചു.

9. സംസ്ഥാന ആയുർവ്വേദ ഉപദേശക സമതിയിൽ അസ്സോസിയേഷന് പ്രതിനിധ്യം ലഭിച്ചു.

10. ഡിപ്പാർട്ടുമെന്റിന്റെ വളർച്ചയിലും വികാസത്തിലും നിർണായകമായ പങ്കു വഹിച്ചു.

11. മെഡിക്കൽ ഓഫീസർമാരുടെ സ്റ്റാറ്റസ് സമൂഹമദ്ധ്യത്തിൽ ഉയർത്തുന്നതിന് ഫലപ്രദമായി പ്രവർത്തിച്ചു.

12. ബിരുദനന്തരബിരുദ കോഴ്സിലേക്ക് മെഡിക്കൽ ഓഫീസർമാർക്ക് സീറ്റ് സംവരണം നേടി.

13. സംസ്ഥാനത്തൊട്ടാകെ ആയിരത്തിലേറെ സൗജന്യ ആയുർവ്വേദ ചികിത്സാക്യാമ്പുകൾ ഫലപ്രദമായി സംഘടിപ്പിച്ചു.

14. ഒ.പി. വിഭാഗത്തിന്റെ പ്രവർത്തന സമയം ശാസ്ത്രീയമായി പുന:ക്രമീകരിച്ചു.

15. വീക്കിലി ഓഫ് ,കോമ്പൻസേഷൻ ലീവ് എന്നിവ അനുവദിപ്പിച്ചു.

16. ബസ്റ്റ് ഡോക്ടർ അവാർഡ് ആയുർവ്വേദത്തിലും ഏർപ്പെടുത്തണമെന്ന ആവശ്യം നടപ്പിലായി.

17. എല്ലാ വിഭാഗം മെഡിക്കൽ ഒഫീസർമാരുടേയും ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിപ്പിക്കുവാൻ കഴിഞ്ഞു.

18. ദേശീയ ഗ്രാമീണ ആരോഗ്യ പരിപാടി(ചഞഒങ) ആയുർവ്വേദത്തിന് ബാധകമല്ലെന്ന കേരള സർക്കാരിന്റെ തെറ്റായ ധാരണ തിരുത്തി പരിപാടികളിൽ ആയുർവ്വേദത്തെഉൾപ്പെടുത്തിക്കുവാൻ കഴിഞ്ഞു.

19.NRHM ഡിസ്പെൻസറി.....

## സംസ്ഥാന സമ്മേളനങ്ങൾ

അസ്സോസിയേഷന്റെ രണ്ടാം സംസ്ഥാന സമ്മേളനം 8/12/1961ൽ കോട്ടയം മാമൻമാപ്പിള ഹോളിൽ അന്നത്തെ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി.കെ വേലപ്പൻ ഉൽഘാടനം ചെയ്തു. തുടർന്ന് ആരോഗ്യ വകുപ്പ് മന്ത്രിയായ ശ്രീ.എം.പി.ഗോവിന്ദൻ നായർ ങഘഅയും ആ യോഗത്തിൽ പ്രാസംഗികൻ ആയിരുന്നു. 3-ാം സംസ്ഥാന സമ്മേളനം ആലുവ സെന്റ് മേരിസ് ഹൈസ്കൂൾ അഗണത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. ഇ.കെ. മാധവൻ ഉൽഘാടനം ചെയ്തു. നാലാം സംസ്ഥാന സമ്മേളനം കോഴിക്കോട് ശാന്ത ഭവൻ ആഡിറ്റോറിയത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. ബി.വില്ലിംഗ്ടൺ ഉൽഘാടനം ചെയ്തു. അഞ്ചാം.സംസ്ഥാന സമ്മേളനം തൃശ്ശൂർ മോഡേൺ തീയേറ്ററിൽ വച്ച് ആയുർവ്വേദ ഡയറക്ടർ ഡോ.എം.എൻ. കേശവപിള്ള ഉൽഘാടനം ചെയ്തു. ആറാം സംസ്ഥാന സമ്മേളനം 1971 ഫെബ്രുവരി 21-ാംതീയതി മാവേലിക്കര എസ്.എൻ.ഡി.പി ഹോളിൽ വച്ച് ശ്രീ. എം.എൻ ഗോവിന്ദൻ നായർ

ഉൽഘാടനം ചെയ്തു.

സംസ്ഥാന സമ്മേളനങ്ങളുടെ ചരിത്രത്തിൽ ശ്രദ്ധേയമായ പരിപാടികൾ ആവിഷ്കരിച്ച് വിപുലമായ ആഘോഷമാക്കി മാറ്റുന്നതിനുള്ള തുടക്കം കുറിച്ചത് ഏഴാം സംസ്ഥാന സമ്മേളനം മുതലാണ്. ഡോ.പി.ശാർങ്ങധരൻ പ്രസിഡന്റും ഡോ.കെ. സുരേന്ദ്രൻ നായർ ജനറൽ സെക്രട്ടറിയുമായിരുന്നപ്പോൾ പാലക്കാട് വച്ച് നടത്തിയ ഏഴാം സംസ്ഥാന സമ്മേളനം സജീവവും വൈവിദ്ധ്യ പൂർണ്ണവുമായ സമ്മേളനമായി രൂപാന്തരപ്പെട്ടു. പ്രതിനിധി സംമ്മേളനം, സിംപോസിയം, ശാസ്ത്ര ചർച്ച, സമാപന സമ്മേളനം എന്നിങ്ങനെ രണ്ടു ദിവസത്തെ ആകർഷവും പ്രയോജനപ്രദവുമായ ആ സമ്മേള്ളനം മന്ത്രി വെള്ള ഈച്ചരൻ ഉൽഘാടനം ചെയ്തു. ശ്രീ. കെ.എ.ശിവരാമ ഭാരതി എം.എൽ.എ, ഡോ.എൻ. ശ്രീധരൻ, ഡോ.എസ്.ആർ വാരിയർ,ശ്രീ.കെ. രാഘവൻ തിരുമുൽപ്പാട് തുടങ്ങിയ മഹത് വ്യക്തികളുടെ സജീവ സാന്നിദ്ധ്യത്താൽ സ്മരണീയമായി. സമ്മേളനത്തിൽ മുന്നോടിയായി.തുടർച്ചയായി അഞ്ചു ദിവസം മണ്ണാർക്കാടും അകത്തേതറയിലും നടത്തിയ സൗജന്യ ആയുർവ്വേദ ചികിത്സാക്യാമ്പുകളും ശ്രദ്ധേയമായി.

എട്ടാം സംസ്ഥാന സമ്മേളനം തൃശ്ശൂർ സീഗോ ആഡിറ്റോറിയത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രിയായ ശ്രീ.എൻ.കെ.ബാലകൃഷ്ണൻ ഉൽഘാടനം ചെയ്തു. ഒൻപതാം സംസ്ഥാന സമ്മേളനം കോട്ടയത്തു വച്ച് മുൻ ആരോഗ്യ വകുപ്പ് മന്ത്രിയായ എം.പി.ഗോവിന്ദൻ നായർ ഉൽഘാടനം ചെയ്തു. പത്താം സമ്മേളനം ആലുവ ടീസ് അരോമയിൽ വച്ച് ആയുർവ്വേദ ഡയറക്ടർ എൻ.ശ്രീധരൻ ഉൽഘാടനം ചെയ്തു. പതിനൊന്നാം സംസ്ഥാന സമ്മേളനം കൊല്ലം ഥങഇഅ ആഡിറ്റോറിയത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രിയായ ശ്രീ.ജെ. ചിത്തരഞ്ജൻ ഉൽഘാടനം ചെയ്തു.

പന്ത്രണ്ടാം സംസ്ഥാന സമ്മേളനം ആലപ്പുഴ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.കെ.പി. പ്രഭാകരൻ ഉൽഘാടനം ചെയ്തു. പതിമൂന്നാം സമ്മേളനം എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോമിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.വക്കം പുരുഷോത്തമനും പതിനാലാം സമ്മേളനം തൃശ്ശൂർ ബിനി ടൂറിസ്റ്റ് ഹോംആഡിറ്റോറിയത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ ആർ. സുന്ദരശ്വരൻ നായരും പതിനഞ്ചാം സംസ്ഥാന സമ്മേളനം കണ്ണൂർ ഷഫിയർ ടൂറിസ്റ്റ് ഹോമിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. കെ.പി. രാമചന്ദ്രൻ നായരും പതിനാറാം സംസ്ഥാന സമ്മേളനം എറണാകുളം മാതാ ടൂറിസ്റ്റ് ഹോമിൽ വച്ച് ആഭ്യന്തര മന്ത്രി ശ്രീ. വയലാർ രവിയും പതിനേഴാം സംസസ്ഥാന സമ്മേളനം തിരുവനന്തപുരം ബാങ്ക് എംപ്ലോയിസ് യൂണിയൻ ഹോളിൽ വച്ച് മുഖ്യമന്ത്രി.ശ്രീ.ഇ.കെ.നായനാരും പതിനെട്ടാം സംസസ്ഥാന സമ്മേളനം പാലക്കാട് ബാങ്ക് എംപ്ലോയിസ് യൂണിയൻ ഹോളിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. എ.സി. ഷൺമുഖദാസും പത്തൊൻപതാം സമ്മേളനം തൃശ്ശൂർ റീജിയണൽ തീയറ്ററിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.ആർ.രാമചന്ദ്രൻ നായരും ഇരുപതാം സംസ്ഥാന സമ്മേളനം എറണാകുളം ആശീർ ഭവൻ ആഡിറ്റോറിയത്തിൽ വച്ച് സ്പീക്കർ ശ്രീ. പി.പി. തങ്കച്ചനും ഇരുപത്തി ഒന്നാം സംസ്ഥാന സമ്മേളനം കോഴിക്കോട് നളന്ദ ആഡിറ്റോറിയത്തിൽ വച്ച് ശ്രീ. എ.സി.ഷൺമുഖദാസും ഉൽഘാടനം ചെയ്തു. ഇരുപത്തി രണ്ടാം സംസ്ഥാന സമ്മേളനം തിരുവനന്തപുരം ഹൈലാന്റ് ആഡിറ്റോറിയത്തിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. വി.എം.സുധീരൻ ഉൽഘാടനം ചെയ്തു. ഇരുപത്തി മൂന്നാം സംസ്ഥാന സമ്മേളനം തിരൂരിൽ പത്മശ്രീ.ഡോ.പി.കെ.വാര്യരും ഇരുപത്തിനാലാം സംസ്ഥാന സമ്മേളനം കൊല്ലത്ത് ജലദർശിനി ആഡിറ്റോറിയത്തിൽ വച്ച് .ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ എം.പി.യും 25-ാം സമ്മേളനം ആലപ്പുഴയിൽ ശ്രീ. ജി.സുധാകരൻ .എം.എൽ.എയും 26-ാം സമ്മേളനം കൽപ്പറ്റയിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.പി. ശങ്കരനും ഉൽഘാടനം ചെയ്തു. 27-ാം കോട്ടയത്ത് വച്ച് ഉൽഘാടനം ചെയ്തു.28-ാംസംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് വച്ച് ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.കെ.കെ.രാമചന്ദ്രൻ മാസ്റ്ററും 29-ാം തിരുവല്ലയിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി പി.കെ.ശ്രീമതിയും. 30-ാം കോഴിക്കോട് സ്പാൻ ആഡിറ്റോറിയത്തിൽ വച്ച് മന്ത്രി ശ്രീ. ബിനോയ് വിശ്വവും 31-ാം സമ്മേളനം പലക്കാട് വച്ച് മന്ത്രി ശ്രീ.എ.കെ.ബലനും ഉൽഘാടനം ചെയ്തു.